15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583 — 14-09-2023 - ൽ മറുപടിയ്ക്ക്

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സാമ്പത്തിക വർഷം എത്ര തവണയാണ് സംസ്ഥാന സർക്കാർ കടമെടുത്തതെന്നും സംസ്ഥാന ജി.ഡി.പി.യുടെ എത്ര ശതമാനം ആണ് കടമെടുത്തതെന്നും എത്ര കോടി രൂപ കേന്ദ്രത്തിൽ നിന്നും കടമെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ചു നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. എന്നാൽ മുൻ സാമ്പത്തിക വർഷത്തെ അധിക കടമെടുപ്പ്, പൊതുകണക്കിനത്തിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാല്പ തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്രസർക്കാർ കുറച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 21,852 കോടി രൂപ കടമെടുക്കാൻ മാത്രമേ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നുമുള്ള മുൻകൂറുകളും വായ്പകളും അടക്കം പൊതുകടം (തനി) ഇനത്തിൽ 10,114.42 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡ് എന്ന കമ്പനിയും കിഫ്ബിയും ചേർന്ന് എത്ര കടമെടുത്തിട്ടുണ്ടെന്നും പ്രസ്തുത കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തണം എന്ന് കേന്ദ്ര സർക്കാർ നിർദേശം നൽകിയിട്ടുണ്ടോയെന്നും | (ബി) | ഈ സാമ്പത്തികവർഷം സാമൂഹ്യ സുരക്ഷ പെൻഷൻ ലിമിറ്റഡ് 200 കോടി രൂപയും കിഫ്ബി 1119.96 കോടി രൂപയും (വായ്പയായും ബോണ്ടുകൾ മുഖേനയും) കടമെടുത്തിട്ടുണ്ട്.<br><br>കിഫ്ബി, കെ.എസ്.എസ്.പി.എൽ. മുതലായ പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ എടുത്ത തുക നാല്പ തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്നും കേന്ദ്ര സർക്കാർ കുറച്ചു വരികയാണ്. നടപ്പ് വർഷവും 3140.70 കോടി രൂപ ഈയിനത്തിൽ കുറച്ചു. കൂടാതെ പ്രസ്തുത സ്ഥാപനങ്ങൾ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എടുക്കുന്ന തുകയും കടമെടുപ്പിൽ കുറവ് വരുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ എന്ത് തീരുമാനം എടുത്തുവെന്നും അറിയിക്കാമോ; | | |
| (സി) | സർക്കാർ എടുത്തിട്ടുള്ള കടമെടുപ്പുകൾ നിലവിൽ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (സി) | കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നു മാത്രമാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്. |
| (ഡി) | 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സഹായം ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനം എത്രയാണെന്നും തൊട്ട് മുൻപത്തെ വർഷത്തേക്കാൾ വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിയെന്നും പ്രസ്തുത വർഷത്തെ ചെലവുകൾ എത്ര ആയിരുന്നുവെന്നും വിശദമാക്കുമോ; | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സഹായം ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ ആകെ റവന്യൂ വരുമാനം 132695.60 കോടി രൂപയാണ്. ഇത് തൊട്ട് മുൻവർഷത്തെ റവന്യൂ വരുമാനത്തെക്കാൾ 13.76 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. അതേ സമയം, ആകെ ചെലവ് 158742.33 കോടി രൂപയായിരുന്നു. |
| (ഇ) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ വിവിധ മാർഗ്ഗങ്ങളിൽ നിന്നും ലഭിച്ച നികുതി - നികുതിയേതര വരുമാനം, ചെലവ് എന്നിവ എത്രയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (ഇ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ മാസം വരെ വിവധ മാർഗ്ഗങ്ങളിൽ നിന്നും ലഭിച്ച സംസ്ഥാനത്തിന്റെ തനത് നികുതി / നികുതിയേതര വരുമാനം, ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | ചെലവ് |
|---|---|---|
| 22721.68 | 4410.50 | 53905.34 |

(തുക കോടിയിൽ)

സെക്ഷൻ ഓഫീസർ